**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2246**

**11-02-2020** ൽ മറുപടിയ്ക്ക്

**വിഴിഞ്ഞം തുറമുഖപദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി രൂപീകരിച്ചിരുന്നോ; ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി Empowered Committee, Project Implementation Committee എന്നീ രണ്ട് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>**എംപവേർഡ് കമ്മിറ്റി അംഗങ്ങൾ:**<br>1. ചീഫ് സെക്രട്ടറി - ചെയർമാൻ<br>2. ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി-മെമ്പർ<br>3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - മെമ്പർ<br>4. പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ<br>5. സെക്രട്ടറി, നിയമ വകുപ്പ്- മെമ്പർ<br>6. മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിഴിഞ്ഞം തുറമുഖ കമ്പനി - കൺവീനർ<br>**പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ:**<br>1. ചീഫ് സെക്രട്ടറി - ചെയർമാൻ<br>2. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് - മെമ്പർ<br>3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - മെമ്പർ<br>4. പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ<br>5. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - മെമ്പർ<br>6. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ<br>7. ലേബർ കമ്മീഷണർ - മെമ്പർ<br>8. ജില്ലാ കളക്ടർ, തിരുവനന്തപുരം - മെമ്പർ<br>9. ചെയർമാൻ, KSEBL-മെമ്പർ<br>10. മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിഴിഞ്ഞം തുറമുഖ കമ്പനി - കൺവീനർ |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സമിതി ഇതിനകം എത്ര തവണ യോഗം ചേർന്ന് തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയെന്ന് വ്യക്തമാക്കുമോ; | (ബി) | തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി Empowered Committee 9 തവണയും Project Implementation Committee 7 തവണയും യോഗം ചേർന്നിട്ടുണ്ട്. |
| (സി) | കരാർ പ്രകാരം പദ്ധതിയുടെ 25 ശതമാനം പണികൾ എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്; | (സി) | കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണ പുരോഗതി അവലോകനത്തിനായി ഒന്നാംഘട്ടത്തെ നാല് നാഴികക്കല്ലുകളായി (Project Milestone I, II, III, Schedule Completion Date) ഭാഗിച്ചിരിക്കുന്നു. ഇതിൻ പ്രകാരം Project Milestone II കൈവരിക്കേണ്ടത് നിർമ്മാണം ആരംഭിച്ച് 600-ാം ദിവസമായ 2017 ജൂലൈ 26-ന് ആയിരുന്നു. പദ്ധതിയുടെ അടങ്കൽ തുകയുടെ 20 ശതമാനത്തിൽ കുറയാതെ ചെലവാക്കുകയും ഇതിൽ 50% Physical works-നായി ഉപയോഗിക്കണമെന്നും Project Milestone II വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ അദാനി ഗ്രൂപ്പിന് സംസ്ഥാന സർക്കാർ എന്നുവരെയാണ് സമയം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | കൺസെഷൻ കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണ തീയതി 2019 ഡിസംബർ 3 ന് ആയിരുന്നു. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**